News Letter 1/17

# കെ. സി. എസ്. എൽ
# പാലാ രൂപത

## വായനക്കുറിപ്പുമത്സരം

വായനദിനാചരണത്തോടനുബന്ധിച്ച് ആനുകാലികങ്ങളായ ക്രൈസ്തവപ്രസിദ്ധീകരണങ്ങളുടെ (മാസികകൾ/വാരികകൾ) വായന പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി വായനക്കുറിപ്പുമത്സരം നടത്തുന്നു. ഹയർസെക്കൻഡറി, ഹൈസ്ക്കൂൾ, യു. പി. വിഭാഗങ്ങളിൽ വെവ്വേറെയാണു മത്സരം. ഓരോ ശാഖയിലും മത്സരം നടത്തി മികവുനേടുന്ന ഒരു വായനഡയറി ജൂലൈ 31 നകം രൂപത ഓഫീസിൽ ഏല്പിക്കുക. *(ജൂൺ മാസം ആരംഭത്തിൽ നടന്ന ആനിമേറ്റേഴ്സ് കോൺഫറൻസിൽ അറിയിച്ച കാര്യം ഓർമ്മിപ്പിക്കുന്നു എന്നുമാത്രം.)*

## 'ഞാനും പ്രകൃതിയും' രചനാമത്സരം

പരിസ്ഥിതിദിനാചരണത്തിന്റെ ഭാഗമായി നാം അധിവസിക്കുന്ന ഭൂമിയെ പരിരക്ഷിക്കാൻ ഓരോ വിദ്യാർത്ഥിയും എടുത്ത ക്രിയാത്മകപരിപാടികളുടെ സംക്ഷിപ്തറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മത്സരം സംഘടിപ്പിച്ചിരിക്കുന്നു. ഹയർ സെക്കൻഡറി, ഹൈസ്ക്കൂൾ, യു. പി. വിഭാഗങ്ങൾക്കു വെവ്വേറെയാണു മത്സരം. ഓരോ ശാഖയിലും മത്സരം നടത്തി മികവുനേടുന്ന ഒരു റിപ്പോർട്ട് ജൂലൈ 31 നകം രൂപത ഓഫീസിൽ ഏല്പിക്കുക. *(ജൂൺ മാസം ആരംഭത്തിൽ നടന്ന ആനിമേറ്റേഴ്സ് കോൺഫറൻസിൽ അറിയിച്ച കാര്യം ഓർമ്മിപ്പിക്കുന്നു എന്നുമാത്രം.)*

## ഡിക്ലമേഷൻ മത്സരം

മഹാനായ മുൻ അമേരിക്കൻ പ്രസിഡന്റ് ജോൺ എഫ്. കെന്നഡിയുടെ ജന്മശതാബ്ദിയോടനുബന്ധിച്ച്, കെന്നഡി രാഷ്ട്രത്തോടുചെയ്ത പ്രഥമപ്രഭാഷണം (ജൂലൈ മാസം കളരിയിൽ കൊടുത്തിട്ടുള്ള പ്രഭാഷണഭാഗം മാത്രം) വികാരോജ്വലപ്രസംഗമത്സരമായി നടത്തുന്നു. ഹയർ സെക്കൻഡറി, ഹൈസ്ക്കൂൾ, യു. പി വിഭാഗങ്ങൾക്ക് വെവ്വേറെയാണു മത്സരം. രജി. ഫീസ് ഒരാൾക്ക് 25 രൂപ. പാലാ സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂളിൽ ഓഗസ്റ്റ് 29 ന് രാവിലെ 10.30 ന് മത്സരം ആരംഭിക്കും.

സമ്മാനം : - ഫസ്റ്റ് - 1000 രൂപ, സെക്കൻഡ് - 750 രൂപ, തേർഡ് - 500 രൂപ

## സ്റ്റഡി സർക്കിൾ മത്സരം

ഇന്ത്യയുടെ സ്വാതന്ത്ര്യദിനാചരണത്തോടനുബന്ധിച്ച് **'ഇനിയും സ്വാതന്ത്ര്യം ലഭിക്കാത്തവർ'** എന്ന വിഷയത്തെ അധികരിച്ച് ഓഗസ്റ്റ് 15 ന് രാവിലെ 10.30 ന് പാലാ സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് സ്റ്റഡി സർക്കിൾ മത്സരം നടത്തുന്നു.

ഹൈസ്കൂൾ – ഹയർസെക്കൻഡറി വിദ്യാർത്ഥികൾക്കുവേണ്ടിയാണ് മത്സരം. വിഭാഗം തിരിവില്ലാതെ ഒരു സ്കൂളിൽ നിന്ന് ഒരു ടീമിന് പങ്കെടുക്കാം. രജി. ഫീസ്. ടീമിന് 100 രൂപ.
സമ്മാനം : – ഫസ്റ്റ് – 3000 രൂപ, സെക്കൻഡ് – 2000 രൂപ, തേർഡ് – 1000 രൂപ
*(സ്റ്റഡി സർക്കിളിന്റെ പൊതുമാതൃക സി.ഡി യിലൂടെയും മാർഗ്ഗരേഖയിലൂടെയും സ്കൂളുകളിലെത്തുന്നതാണ്.)*

## അൽഫോൻസാ കളറിംഗ് മത്സരം

അൽഫോൻസാ കളറിംഗ് മത്സരത്തിനുള്ള ലൈൻ സ്കെച്ച് ജൂലൈ ആദ്യവാരം മുതൽ രൂപത ഓഫീസിൽ ലഭ്യമാണ്. ഓരോ സ്കൂളിലും മത്സരം നടത്തി മുഴുവൻ രചനകളും ജുലൈ 31 നകം ഓഫീസിൽ എത്തിക്കേണ്ടതാണ്. രജി. ഫീസ് ഒരു കുട്ടിക്ക് 5 രൂപ. ഓരോ സ്കൂളിൽ നിന്നും യു. പി, എച്ച്. എസ്, എച്ച്. എസ്. എസ് വിഭാഗങ്ങളിൽനിന്നും ഒന്നാം സ്ഥാനം കിട്ടുന്ന കുട്ടികൾക്കുള്ള രൂപതാതല മത്സരം പാലാ സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽ ഓഗസ്റ്റ് 26 ന് 10.30 ന് നടക്കും.
സമ്മാനം : ഫസ്റ്റ് – 1000 രൂപ, സെക്കൻഡ് – 750 രൂപ, തേർഡ് – 500 രൂപ

കൂടാതെ ഓരോ സ്കൂളിലും ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്നവർക്ക് വിഭാഗം തിരിച്ച് സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും നൽകുന്നതാണ്.